## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3112

07/02/2018-ൽ
മറുപടിക്ക്

### റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായുള്ള ബന്ധം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറയം ഗോപകുമാർ<br>" ആർ. രാമചന്ദ്രൻ<br>" ഇ.ടി. ടൈസൺ മാസ്റ്റർ<br>" മുഹമ്മദ് മുഹസിൻ പി. | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| എ) റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;. | എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ബന്ധം സുദൃഢമാക്കുന്നതിനും പരാതി രഹിതമാക്കുന്നതിനും സഹായകമായ നിലയിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ നേരിട്ട് നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പെരുമാറ്റം കൂടുതൽ ജന സൗഹൃദമാക്കുന്നതിന് അവരെ പര്യാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. |
| ബി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും 24/06/2017-ന് എൽ.ആർ.ബി8-31482/2017 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ടി സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |

സി) വില്ലേജ് ഓഫീസുകളിൽ നിന്ന് നല്കുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലാവധി നീട്ടുന്നതിനും ഓരോ ആവശ്യത്തിന് ഓരോ സമയത്തും സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം അതേ സർട്ടിഫിക്കറ്റ് തന്നെ വീണ്ടും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

സി) അഗതി, ഫാമിലി മെംബർഷിപ്പ് എന്നീ സർട്ടിഫിക്കറ്റുകൾ 3 വർഷത്തേയ്ക്കും, തിരിച്ചറിയൽ സർട്ടിഫിക്കറ്റ് 10 വർഷവും, നേറ്റിവിറ്റി, റിലേഷൻഷിപ്പ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ ആജീവനാന്തവും ഉപയോഗിക്കുന്നതിന് 27/04/2007-ലെ ജി.ഒ (എം.എസ്) നമ്പർ 136/2007/ആർ.ഡി പ്രകാരം ഉത്തരവായിരുന്നു.

കൂടാതെ റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലാവധി 3 വർഷമാക്കിക്കൊണ്ട് 04/08/2017-ലെ സ.ഉ(കൈ) നം. 264/2017/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ആവശ്യത്തിനും അതത് സമയത്ത് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനു പകരം ഒരേ സർട്ടിഫിക്കറ്റ് തന്നെ വീണ്ടും ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന തരത്തിലുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ഡി) പട്ടയത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നമ്പറുകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഡി) ഉണ്ട്. 30/10/2017-ലെ 35735/എ2/2015/റവന്യൂ നമ്പർ സർക്കുലർ പ്രകാരം പട്ടയത്തിൽ കാണിച്ചിരിക്കുന്ന സർവ്വേ നമ്പറുകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

'ഭരണഭാഷ-മാതൃഭാഷ'

നം.എൽ.ആർ.ബി8-31482/17

ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33,
തീയതി:24.06.2017.

## സർക്കുലർ.

വിഷയം :- കേരള ഭൂനികുതി നിയമം - ഭൂനികുതി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1.13.12.2004 ലെ 81934/ജി1/04/റവന്യു നമ്പർ സർക്കുലർ.
2.ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ 22.06.2017 ലെ 242/ എൻ/എം/റവന്യു/17 നമ്പർ കുറിപ്പ്.

സൂചന (1) ലെ സർക്കുലർ പ്രകാരം 1961-ലെ കേരള ഭൂനികുതി നിയമത്തിന് വിരുദ്ധമല്ലാത്ത എല്ലാ കേസുകളിലും ഭൂനികുതി വാങ്ങണമെന്ന് വില്ലേജ് ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിലവിൽ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി അടച്ചുനൽകുന്നതിൽ കാലതാമസം വരുത്തുകയും അലംഭാവം കാണിക്കുകയും ഭൂനികുതി സ്വീകരിക്കുന്നതിൽ ജനങ്ങൾക്ക് പ്രയാസം ഉണ്ടാക്കുന്നതുമായി ശ്രദ്ധയിൽപ്പെട്ടതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1961 ലെ ഭൂനികുതി നിയമപ്രകാരം രണ്ടാം വകുപ്പനുസരിച്ച് ഒഴിവാക്കപ്പെട്ടിട്ടുള്ളതും, 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതുമായ ഭൂമികൾ ഒഴികെ, എല്ലാ ഭൂമികൾക്കും ഇനമോ, തരമോ കണക്കിലെടുക്കാതെ അടിസ്ഥാന ഭൂനികുതി, ഭൂമി കൈവശക്കാരനിൽ നിന്നും ഈടാക്കാവുന്നതാണ്. സർവ്വെ ചെയ്തിട്ടില്ലാത്ത ഭൂമികളിൽ ഭൂനികുതി താത്ക്കാലികമായി ഈടാക്കാവുന്നതാണ്.
2. ഭൂനികുതി അടക്കുവാൻ വരുന്ന ആളിന്റെ നികുതി നിയമപരമായി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അന്നുതന്നെ സ്വീകരിച്ച് രസീത് നൽകേണ്ടതാണ്.
3. ഏതെങ്കിലും കാരണത്താൽ അന്നുതന്നെ നികുതി സ്വീകരിക്കുവാൻ സാധിക്കാതെ വന്നാൽ അടുത്ത ദിവസം നികുതി സ്വീകരിച്ച് രസീത് നൽകേണ്ടതാണ്.

4. നികുതി സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തി ഭൂമി കൈവശക്കാരനെ അറിയിക്കേണ്ടതും, ഇതിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട തഹസീൽദാർ മുമ്പാകെ ആക്ഷേപം ബോധിപ്പിക്കാവുന്നതാണെന്നും ഭൂമി കൈവശക്കാരനെ അറിയിക്കേണ്ടതാണ്. ഈ വിവരം വില്ലേജ് ഓഫീസർ ബന്ധപ്പെട്ട തഹസീൽദാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തഹസീൽദാർ ഇക്കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം കക്ഷികളെ അറിയിക്കേണ്ടതാണ്.

5. എല്ലാ താലൂക്കുകളിലെയും വില്ലേജിന്റെ ചുമതലയുള്ള ഡെപ്യൂട്ടി തഹസീൽദാർ മാസത്തിലൊരിക്കൽ തങ്ങളുടെ ചുമതലയുള്ള വില്ലേജുകൾ നിർബന്ധമായും നേരിട്ട് പരിശോധിക്കേണ്ടതും വില്ലേജിന്റെ ഭൂനികുതി സംബന്ധമായ പ്രവർത്തനം വിലയിരുത്തി, തഹസീൽദാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

6. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ തഹസീൽദാർ പരിശോധിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

7. എല്ലാ താലൂക്കുകളിലും വില്ലേജ് ആഫീസുകളെ സംബന്ധിച്ച പരാതി നൽകുന്നതിന് പരാതിപ്പെട്ടി സ്ഥാപിക്കേണ്ടതും, 15 ദിവസം കൂടുമ്പോൾ ടി പരാതി പരിശോധിച്ച്, തുടർ നടപടി സ്വീകരിക്കേണ്ട പരാതിയിൽ വില്ലേജ് ചാർജ്ജ് ആഫീസർ മുഖേന നടപടി സ്വീകരിക്കേണ്ടതാണ്.

8. താലൂക്കുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർമാർ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ ബന്ധപ്പെട്ട താലൂക്കുകളിലും, വില്ലേജുകളിലും മിന്നൽ പരിശോധന നടത്തേണ്ടതും, ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്.

9. കളക്ടറേറ്റിലെ ആഭ്യന്തര പരിശോധന വിഭാഗം മുഖേനയുള്ള പരിശോധനകൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

10. ഭൂനികുതി സ്വീകരിക്കുന്നതിലെ പ്രശ്നങ്ങൾ/പരാതികൾ എന്നിവ ജില്ലാ തലത്തിൽ എല്ലാമാസവും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) അവലോകന യോഗം നടത്തി, റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകേണ്ടതാണ്. ജില്ലാ കളക്ടർ ഈ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്കകം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടതാണ്.

11. യാതൊരുകാരണവശാലും വിവിധ ആവശ്യങ്ങൾക്കായി വില്ലേജുകളിൽ വരുന്ന ആളുകളെ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ബന്ധപ്പെട്ട ഓഫീസിൽ വരുന്നതിന് ഇടയാക്കുവാൻ പാടില്ല.

12. മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും ചാർജ്ജുള്ള തഹസീൽദാർമാർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ
ലാൻഡ് റവന്യൂ.

അംഗീകാരത്തോടെ,

അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ)

പകർപ്പ്:-

1. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യൂ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
3. എല്ലാ ജില്ലാ കളക്ടർമാർക്കും.
4. കമ്മീഷണറുടെ സി.എ
5. ജോയിന്റ് കമ്മീഷണറുടെ സി.എ
6. കരുതൽ ഫയൽ.

T4.

സെക്ഷൻ ഓഫീസർ

അനുബന്ധം -II

# കേരള സർക്കാർ

## പരിപത്രം

റവന്യൂ (എ) വകുപ്പ്

**നമ്പർ:-35735/എ 2/2015/റവന്യൂ** **തീയതി:-30.10.2017**

വിഷയം - റവന്യൂ വകുപ്പ് - പട്ടയത്തിൽ തെറ്റായി രേഖപ്പെടുത്തിയ സർവ്വെ നമ്പർ തിരുത്തി നല്കുന്നത് - നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

ഇടുക്കി ജില്ലയിലെ ഏതാനും വില്ലേജുകളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള പട്ടയങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുവിന്റെ സർവ്വെ നമ്പരും, ടി പട്ടയത്തിന്റെ അടിസ്ഥാനത്തിൽ പട്ടയ കക്ഷികളോ തുടർന്നുള്ള കൈവശക്കാരോ കൈവശം വച്ചനുഭവിക്കുന്ന ഭൂമിയുടെ യഥാർത്ഥ സർവ്വെ നമ്പരും വ്യത്യസ്തമായി കാണപ്പെടുന്നതു മൂലം കൈവശക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും, ഉദ്യോഗസ്ഥർക്ക് റവന്യൂ ഭരണം കാര്യക്ഷമമായി നടത്താനാവാത്തതും സങ്കീർണ്ണ പ്രശ്നമായി നില നിൽക്കുന്നതിനാൽ, വാഗമൺ വില്ലേജിൽ ഉൾപ്പെട്ട തെറ്റായ സർവ്വെ നമ്പരിൽ നൽകിയിരിക്കുന്ന പട്ടയങ്ങൾ/അത്തരത്തിൽ അവകാശപ്പെടുന്ന കേസുകൾ സംബന്ധിച്ച് പരിഹാരം കാണുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ പ്രത്യേക ഉത്തരവുകൾ ലഭ്യമാക്കണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

നിയമപ്രകാരം പട്ടയ വസ്തു കൈവശം സിദ്ധിച്ചിട്ടുള്ളവർക്ക്, നിലവിലുള്ള ഈ പ്രതിസന്ധി തരണം ചെയ്യുന്നതിലേയ്ക്കായി, ഇത്തരം അപേക്ഷകൾ പരിശോധിച്ച തീർപ്പ കൽപ്പിക്കുന്നതിലേക്കായി ജില്ല കളക്ടർമാർക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശം നല്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.

സർവ്വെ നമ്പർ അടയാളപ്പെടുത്തുന്നത് വസ്തു തിരിച്ചറിയാനുള്ള ഒരു മാർഗ്ഗം മാത്രമാണ്. പട്ടയത്തിലെ സർവ്വെ നമ്പറിൽ തെറ്റ കണ്ടെത്തിയാൽ, വസ്തു നിയമപരമായി സ്ഥാപിതമായ മറ്റ മാർഗ്ഗങ്ങളിലൂടെ അളന്നു തിരിച്ചറിയാവുന്നതും, പട്ടയ വസ്തു പട്ടയ വിവരണങ്ങൾ അനുസരിച്ച് കണ്ടെത്താവുന്നതുമാണ്. എന്നാൽ പട്ടയത്തിലെ സർവ്വെ നമ്പർ തിരുത്തി നല്കുന്നതിന് നിയമം ഇല്ല എന്ന ന്യായമാണ് ജില്ല കളക്ടർ വരെയുള്ള അധികാരികൾ ഉന്നയിച്ചു കാണുന്നത്. കേരള ഭൂമി പതിവ് ചട്ടം 1964 ലെ, ചട്ടം 11-ഉം, 12-ഉം പ്രകാരം, ജില്ല കളക്ടർ വരെയുള്ള റവന്യൂ അധികാരികൾ ശരിയായ അന്വേഷണം നടത്തി യാതൊരു തെറ്റും കൂടാതെ വസ്തു പതിച്ചു നൽകേണ്ടതായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നിയമം ഇപ്രകാരമാണെങ്കിലും, മേൽപ്പറഞ്ഞ അധികാരികൾ പലപ്പോഴും അലക്ഷ്യമായി നടപടികൾ സ്വീകരിക്കുന്നതിനാലാണ്, പട്ടയത്തിൽ വസ്തുവിന്റെ സർവ്വെ നമ്പർ തെറ്റായി രേഖപ്പെടുത്താൻ ഇടയാകുന്നത്. പട്ടയത്തിൽ സർവ്വെ നമ്പർ തെറ്റായി എഴുതുന്നത് തഹസീൽദാരും, ആയത് അംഗീകരിക്കുന്നത് ജില്ല കളക്ടറുമാണ്. അവർ ചെയ്യുന്ന തെറ്റിന്റെ ഫലം

പട്ടാദാർ/പട്ടയം കൈമാറ്റം ചെയ്ത് ലഭിച്ചവർ അനുഭവിക്കണം എന്ന ന്യായം ഉചിതമല്ല. തെറ്റ് ചെയ്തത് ഉദ്യോഗസ്ഥരാണെങ്കിൽ അത് തിരുത്തി നല്കേണ്ട ബാദ്ധ്യത പ്രസ്തുത ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ, കർശനമായ പരിശോധനകൾ നടത്തിയും, കൃത്യമായി ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലും, നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ച് കൊണ്ടും തഹസീൽദാർക്ക് പട്ടയത്തിലെ സർവ്വെ നമ്പരിൽ തിരുത്തൽ വരുത്താവുന്നതും, അപ്രകാരം തഹസീൽദാർ വരുത്തുന്ന തിരുത്തലുകൾ ജില്ല കളക്ടർ സൂക്ഷമ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകരിക്കാവുന്നതും, അതോടൊപ്പം ടി നടപടികൾ കൂടുതൽ സുതാര്യവും, അഴിമതിരഹിതവും ആയിരിക്കുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണെന്നും, എല്ലാ ജില്ല കളക്ടർമാർക്കും നിർദ്ദേശം നല്കുന്നു.

ടി വിഷയവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് അർഹമായ അപേക്ഷയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കാത്ത ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി നിയമനാധികാരിക്ക് സ്വീകരിക്കാവുന്നതുമാണ്.

വി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
2. എല്ലാ ജില്ല കളക്ടർമാർക്ക്
3. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
5. റവന്യൂ (എൽ/യു) വകുപ്പുകൾ
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ